(എച്ച്) തീരുമാനങ്ങൾ അടിയന്തിരമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

(ഐ) കനാലുകൾ നവീകരിക്കുന്നതുൾപ്പടെയുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കു ഏകദേശം 36.2 കോടി രൂപ ചെലവു വരുന്ന ഒരു എസ്റ്റിമേറ്റാണ് 'നാറ്റ്പാക്ക്' തയ്യാറാക്കിയിട്ടുള്ളത്.

(ജെ&കെ) നബാർഡിന്റെ ആർഐഡിഎഫ്-6 പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കി ആലപ്പുഴ നഗരത്തിലെ കനാലുകൾ നവീകരിക്കുന്നതിനും ഉപയോഗപ്രദമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എറണാകുളം ഹഡ്കോ ശുദ്ധജല വിതരണം പാക്കേജ് പദ്ധതി

29 (859) ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ഹഡ്കോ ശുദ്ധജലവിതരണ പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള പാക്കേജ് പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പാക്കേജിന് എന്നത്തേയ്ക്ക് അംഗീകാരം നൽകി ഉത്തരവ് ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(സി) ചുണ്ടി ഇൻഡസ്ട്രിയൽ വാട്ടർ സപ്ലൈ സ്കീമിന്റെ മാതൃകയിൽ, ഹഡ്കോ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ ജനപ്രതിനിധികളും ഉന്നത ഉദ്യോഗസ്ഥൻമാരുമടങ്ങിയ ഹൈപവർ ഇംപ്ലീമെന്റേഷൻ കമ്മറ്റി രൂപീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 8-6-2000-ൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ് .

കോന്നിതാഴം വാട്ടർ സപ്ലൈ സ്കീം

30(860) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജകമണ്ഡലത്തിലെ കോന്നി താഴം വാട്ടർ സപ്ലൈ സ്കീമിന്റെ രൂപകൽപ്പന തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതിക്ക് എൽ.ഐ.സി.യുടെ സഹായത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ എന്നാണ് സമർപ്പിച്ചത് ;

(ഡി) ഇതിന്റെ എസ്റ്റിമേറ്റ് എത്രയാണെന്നും പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly